# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1149 14.06.2012 - ൽ മറുപടിക്ക്

## ഇ - ടെണ്ടറിംഗ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. : വർക്കല കഹാർ<br>ശ്രീ. കെ. അച്ചുതൻ | :<br>:<br>:<br>: | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇ - ടെണ്ടറിംഗ് നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | പൊതുമരാമത്ത് വകുപ്പിൽ പ്രി ക്വാളിഫിക്കെഷൻ പ്രവൃത്തികൾക്ക് ഇ - ടെണ്ടറിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ഇപ്പോൾ വെബ്സൈറ്റ് വഴി പൊതു ജനങ്ങൾക്കു ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നത ; | (ബി) | കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷ - ണൽ ഇ - ഗവേർണൻസ് പ്രോഗ്രാമ്മിന്റെ (NEGP) ഭാഗമായി എൻ. ഐ. സി. യുടെ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പൊതുമരാമത്ത് വകുപ്പിൽ ഇ - ടെണ്ടറിംഗ് നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ഏകോപനം നിർവഹിക്കുന്നത് കേരള സ്റ്റേറ്റ് ഐ. ടി. മിഷൻ ആണ്. |

| | | | |
|---|---|---|---|
| (സി) | ആയതിന് വേണ്ടുന്ന പരിശീലനം ഉദ്യോഗസ്ഥർക്കും കരാറു-കാർക്കും നൽകാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) | പൊതുമരാമത്ത് വകുപ്പിൽ ഇ - ടെണ്ടറിംഗ് ആരംഭിക്കുന്നതിനു മുന്നോടിയായി സർക്കിൾ ഓഫീസ് തലത്തിലെ ഉദ്യോഗസ്ഥർക്കുള്ള സോഫ്റ്റ്‌വെയർ പരിശീലനം 2012 ഫെബ്രുവരി മാസത്തിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഇ - ടെണ്ട-റിംഗ് നടപ്പിലാക്കുന്നതിനു മുന്നോടിയായി കരാറുകാർക്ക് പുതിയ സംവിധാനം പരിചയ-പ്പെടുത്തുന്നതിനുള്ള ശില്പശാല 2011 നവംബറിൽ തിരുവനന്ത - പുരത്തും ഫെബ്രുവരിയിൽ കാസർകോട്ടും നടത്തുകയുണ്ടായി. ഇതിനെ തുടർന്ന് എല്ലാ ജില്ല ആസ്ഥാനങ്ങളിലും കരാറുകാർക്ക് വിശദമായ പരിശീലന പരിപാടി - കൾ സംഘടിപ്പിച്ചു. കരാറുകാർക്ക് ഇ - ടെണ്ടറിങ്ങിൽ വിദഗ്ധ പരിശീലനം നടത്തുന്നതിനായി തിരുവനന്തപുരത്തു സ്റ്റാച്യുവി - നടുത്ത് ഉപ്പളം റോഡിൽ ഒരു helpdesk centre' പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ പ്രവർത്തി ദിനങ്ങളിലും ഇവിടെ കരാറുകാർക്ക് Hands – on പരിശീലനം നൽകുന്നുണ്ട്. ഡിവിഷൻ ഓഫീസ് തലത്തിലും കൂടുതൽ പരിശീലന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ